ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:23.03.2025**

## പ്രധാനവാർത്തകൾ

1. പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക പുരോഗതിക്കായി പൊതുസമൂഹത്തിൻറെ മനോഭാവത്തിൽ മാറ്റം വരണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
2. ഹരിതകേരള മിഷൻറെ ദ്വിദിന പരിസ്ഥിതി സംഗമത്തിന് നാളെ തിരുവനന്തപുരത്ത് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
3. പ്രാദേശിക ഭരണകൂടങ്ങളെ ശക്തിപ്പെടുത്തി വികസനത്തിന് ആക്കം കൂട്ടുകയാണ് സർക്കാർ നയമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്.
4. ക്ഷയരോഗത്തെ തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് മന്ത്രി വീണാ ജോർജ്.
5. ബി ജെ പി സംസ്ഥാന അധ്യക്ഷനായി രാജീവ് ചന്ദ്രശേഖറിനെ തിരഞ്ഞെടുത്തു. ഔദ്യോഗിക പ്രഖ്യാപനം നാളെ.
6. ഐപിഎല്ലിൽ ഹൈദരാബാദിനെതിരെ രാജസ്ഥാന് 287 റൺസ് വിജയലക്ഷ്യം. മുംബൈ-ചെന്നൈ മത്സരം രാത്രി 7.30 ന്.

==========================================

RNU TVPM

**എസ് ജയ്ശങ്കർ.**

ഊർജമേഖലയിൽ വൈവിധ്യമാർന്ന ആഗോളബന്ധങ്ങൾ ഇന്ത്യ വികസിപ്പിക്കേണ്ടതുണ്ടെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ലോകത്തിലെ അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയെന്ന നിലയിൽ ഇത് അനിവാര്യമാണ്. വരും പതിറ്റാണ്ടുകളിൽ ഊർജരംഗത്ത് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നത് നമ്മുടെ നയതന്ത്ര മുൻഗണനകളിൽ ഒന്നാണെന്ന് അദ്ദേഹം മുംബൈയിൽ പറഞ്ഞു.

==================================================

**ഗവർണർ**

പിന്നാക്ക വിഭാഗക്കാർ സാമൂഹിക പുരോഗതി കൈവരിക്കണമെങ്കിൽ ജനങ്ങളുടെ മനോഭാവം മാറണ്ടതുണ്ടെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദളിത് പ്രോഗ്രസ് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു ഗവർണർ. ദളിത്, പിന്നാക്ക വിഭാഗങ്ങൾക്ക് പുരോഗതിയുണ്ടാകണം എന്നതിനെ ആരും ഗൗരവമായി എടുക്കാത്തതാണ് ഏറ്റവും വലിയ പരാജയം എന്ന് ഗവർണർ ചൂണ്ടിക്കാട്ടി. ഡോ. ബി ആർ അംബേദ്കറിന്റെ ജീവിതം നമുക്ക് വഴികാട്ടിയാണെന്നും അംബേദ്കർ ജയന്തി എല്ലാ ഇന്ത്യക്കാരും ആഘോഷിക്കണമെന്നും ഗവർണർ പറഞ്ഞു.

==================================================

**മുഖ്യമന്ത്രി -യോഗം**

കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിനുള്ള പുതിയ പദ്ധതികൾ തീരുമാനിക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നാളെ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും. നിയമസഭാ ചേംബറിൽ രാവിലെ 11.30 നാണ് യോഗം. മന്ത്രിമാരും പൊലീസ്-എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും

RNU TVPM

പങ്കെടുക്കും. ലഹരി വ്യാപനത്തിനെതിരെ ഇതുവരെ സ്വീകരിച്ച നടപടികളും യോഗത്തിൽ വിലയിരുത്തും.

==========================================

**<u>വീണാ ജോർജ് -ക്ഷയരോഗം</u>**

ക്ഷയരോഗത്തെ തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ക്ഷയരോഗ നിവാരണത്തിനായി വിവിധങ്ങളായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതെന്നും മന്ത്രി പറഞ്ഞു. ഡിസംബർ 7 മുതൽ ഈ മാസം 17 വരെ സംഘടിപ്പിച്ച 100 ദിവസത്തെ ക്യാമ്പയിനിലൂടെ 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർ ചികിത്സ ഉറപ്പാക്കാനായതായും മന്ത്രി വ്യക്തമാക്കി. ലോക ക്ഷയരോഗ ദിനാചരണത്തിൻറെയും 100 ദിന കർമ്മ പരിപാടിയുടെ സമാപനത്തിൻറെയും ഉദ്ഘാടനം നാളെ തിരുവനന്തപുരത്ത് ശ്രീമതി വീണാ ജോർജ് നിർവഹിക്കും.

RNU TVPM

==========================================

**<u>മന്ത്രി പി എ മുഹമ്മദ് റിയാസ്.</u>**

പ്രദേശിക ഭരണകൂടങ്ങളെ ശക്തിപ്പെടുത്തി വികസനത്തിന് ആക്കം കൂട്ടുകയാണ് സർക്കാർ നയമെന്ന് പൊതുമരാമത്ത് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ്. ഇതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് കോഴിക്കോട് ജില്ലാതല കൂടിയാലോചനായോഗം ഉദ്ഘാടനം ചെയ്യുകൊണ്ട് മന്ത്രി പറഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പിൻ്റെയും ലൈഫ് മിഷൻ്റെയും ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന അതിദരിദ്രർക്ക് ഭൂമി കണ്ടെത്തി വീട് നിർമ്മിച്ചു നൽകുന്ന 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയുടെ രണ്ടാഘട്ടം ഉദ്ഘടനവും മന്ത്രി നിർവഹിച്ചു.

==========================================

**ജല ബജറ്റ് (INTRO)**

കാസർഗോഡ് ജില്ലയിലെ ജലക്ഷാമം തടയാനും ജലവിനിയോഗം ശാസ്ത്രീയമായി ക്രമപ്പെടുത്താനും രൂപം നൽകിയ ജല ബജറ്റ് മികച്ച മാതൃകയാവുകയാണ്. ജില്ലയിലെ കഴിഞ്ഞ 10 വർഷങ്ങളിലെ മഴക്കണക്കുകളും ജല ലഭ്യതയും വിശദമായി വിശകലനം ചെയ്ത് , ജല ഉപയോഗം സുഗമമാക്കുന്നതിനുള്ള നിർദേശങ്ങൾ രൂപീകരിക്കുക എന്നതാണ് ബഡ്ജറ്റിന്റെ ലക്ഷ്യം .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.**

**(ഹോൾഡ് വോയിസ്.............)**

==========================================

**പരിസ്ഥിതിസംഗമം**

ഹരിതകേരളം മിഷൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന പരിസ്ഥിതിസംഗമം നാളെ തിരുവനന്തപുരത്ത് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. **നവകേരളത്തിനായി ജലസുരക്ഷ** സമീപനരേഖയുടെ പ്രകാശനവും അദ്ദേഹം നിർവഹിക്കും. ജലസുരക്ഷ, പരിസ്ഥിതി പുനസ്ഥാപനം, മാലിന്യപരിപാലനം എന്നീ മേഖലകളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ നടന്ന മികച്ച പ്രവർത്തനങ്ങളെ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ചടങ്ങിൽ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ച വകുപ്പുകളെയും സ്ഥാപനങ്ങളെയും ആദരിക്കും.

==========================================

**രാജീവ് ചന്ദ്രശേഖർ**

ബി ജെ പി സംസ്ഥാന  അധ്യക്ഷനായി രാജീവ് ചന്ദ്രശേഖറിനെ തിരഞ്ഞെടുത്തു. ഇന്ന് രാവിലെ തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗത്തിലാണ് രാജീവ് ചന്ദ്രശേഖറെ തിരഞ്ഞെടുത്തത്.

RNU TVPM

നാളെ രാവിലെ 11 മണിക്ക് ഔദ്യോഗിക പ്രഖ്യാപനം നടത്തും. സംസ്ഥാന സഹവരണാധികാരി നാരായണൻ നമ്പൂതിരി മുഖേന രാജീവ് ചന്ദ്രശേഖർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. 30 അംഗം ദേശീയ കൗൺസിൽ അംഗങ്ങളും നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ബിജെപി സംസ്ഥാന കാര്യാലയത്തിൽ നടന്ന ചടങ്ങിൽ സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മുൻകേന്ദ്രമന്ത്രി വി.മുരളീധരൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

==========================================

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

==========================================

**ഖേലോ ഇന്ത്യ**

ഖേലോ ഇന്ത്യ പാരാ ഗെയിംസ് അമ്പെയ്ത്തിൽ പുരുഷന്മാരുടെ കോമ്പൗണ്ട് ഓപ്പൺ വിഭാഗത്തിൽ രാജസ്ഥാൻറെ ശ്യാം സുന്ദർ സ്വാമിയും വനിതകളിൽ ജമ്മു കാശ്മിരിൻറെ ശീതൾ ദേവിയും സ്വർണം നേടി. 22 സ്വർണവുമായി തമിഴ് നാട് മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു. 2 സ്വർണം ഉൾപ്പടെ 8 മെഡലുകളുമായി കേരളം 11 ആം സ്ഥാനത്താണ്.

==========================================

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ സൺ റൈസേഴ്സ് ഹൈദരാബാദിനെതിരെ രാജസ്ഥാൻ റോയൽസിന് 287 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ഹൈദരാബാദ് 20 ഓവറിൽ 6 വിക്കറ്റിന് 286 റൺസെടുത്തു. ഇഷാൻ കിഷൻ ഹൈദരാബാദിനു വേണ്ടി സെഞ്ച്വറി നേടി. ഇന്നത്തെ രണ്ടാം മത്സരത്തിൽ മുംബൈ ഇന്ത്യൻസ് -ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ആണ് മത്സരം.

RNUTVPM

=========================================

**പാലക്കാട് (INTRO)**

അജൈവ മാലിന്യങ്ങളിൽ നിന്നും ഉപകാരപ്രദമായ ഉൽപന്നങ്ങളും, വിവിധ തരം അലങ്കാര വസ്തുക്കളും, നിർമ്മിക്കുന്നതിന് പാലക്കാട് സംഘടിപ്പിച്ച മെഗാ പരിശീലന പരിപാടി ശ്രദ്ധേയമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാടി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

**(ഹോൾഡ് വോയിസ്.............)**

=========================================

**ലക്ഷദ്വീപ് - പ്രഫൂൽ പട്ടേൽ**

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫൂൽ പട്ടേൽ മിനിക്കോയ് ദ്വീപ് സന്ദർശിച്ചു. വിവിധ പദ്ധതി പ്രദേശങ്ങൾ അദ്ദേഹം നിരീക്ഷിക്കുകയും പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു.

RNU TVPM

=========================================

**ആശാ വർക്കർമാർ**

കേരളത്തിൽ ആശാ വർക്കർമാർ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം നാലാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരിക്കുന്ന മൂന്ന് ആശാ പ്രവർത്തകർക്ക് പിന്തുണയുമായി നാളെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ട ഉപവാസമിരിക്കും. അതേ സമയം ആശാ പ്രവർത്തകരുടെ രാപകൽ സമരം 42 -ാം ദിവസത്തിലേക്ക് കടന്നു.

=========================================

**പത്തനംതിട്ട (ഇൻട്രോ)**

ആറന്മുള പള്ളിയോട സേവാ സംഘത്തിൻറെ നേതൃത്വത്തിൽ ജലമേള, അനുബന്ധ ചടങ്ങുകൾ എന്നിവയിൽ പങ്കെടുക്കുന്ന 52 പള്ളിയോടങ്ങൾക്ക് 1.5 ലക്ഷം രൂപ വീതം

നൽകുന്ന വാർഷിക ധനസഹായ ഗ്രാൻറ് വിതരണം ചെയ്യു. അടുത്ത മാസം ആറുമുതൽ 12 വരെ സൗജന്യമായി വിദ്യാർഥികൾക്ക് വഞ്ചിപ്പാട്ട് കളരി, നീന്തൽ കളരി, ലഹരി വിമുക്ത ക്യാമ്പയിൻ എന്നിവയും നടക്കും.

**കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ടയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.**

**(ഹോൾഡ് വോയ്സ്...........)**

==========================================

**<u>മലയിൻകീഴ് ആറാട്ട്</u>**

തിരുവനന്തപുരം മലയിൻകീഴ് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ആറാട്ടിനോടനുബന്ധിച്ച് മലയിൻകീഴ്, വിളവൂർക്കൽ, മാറനല്ലൂർ, വിളപ്പിൽ ഗ്രാമപഞ്ചായത്തുകളിലെ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റന്നാൾ പ്രാദേശിക അവധി യായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

RNU TVPM

==========================================

**<u>പുരാവസ്തു ഗവേഷണ വകുപ്പ്</u>**

പാലക്കാട് മലമ്പുഴ ഡാമിന് സമീപം പുരാവസ്തു ഗവേഷണ വകുപ്പ് നടത്തിയ പര്യവേഷണത്തിൽ മെഗാലിത്തിക് സ്മാരകങ്ങൾ കണ്ടെടുത്തു. 45 ഹെക്ടറിലധികം സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന 110ലധികം മെഗാലിത്തുകളാണ് കണ്ടെത്തിയതെന്ന് എഎസ്ഐ സമൂഹമാധ്യമത്തിൽ കുറിച്ചു. വലിയ ഗ്രാനൈറ്റ് പാളികളും പാറക്കല്ലുകളും ഉപയോഗിച്ചാണ് സ്മാരകങ്ങൾ നിർമ്മിച്ചിട്ടുള്ളത്. കേരളത്തിലെ ആദ്യകാല ഇരുമ്പുയുഗത്തെയും വിശ്വാസ വ്യവസ്ഥയെയും കുറിച്ചുള്ള പഠനങ്ങൾക്ക് ഇവ സഹായകമാകുമെന്നും എഎസ്ഐ അറിയിച്ചു.

====================

============================

==========================================